(ഡി) e-court പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരിന്റെ ഫണ്ട് വിനിയോഗിച്ച് കീഴ്ക്കോടതികളിലെ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. e-court പദ്ധതിയുടെ ആദ്യഭാഗം 31-3-2015-ൽ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കോടതികളിൽ e-court project-ന്റെ കീഴിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കോടതികളുടെ പഴക്കവും അസൗകര്യവും

45 (T 2861) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ വിവിധ കോടതികളുടെ പഴക്കവും അസൗകര്യവുംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കോടതിയുടെ സൗകര്യങ്ങൾ കാലികമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ 8 കോടതി സമുച്ചയങ്ങളിൽ ആലപ്പുഴ, മാവേലിക്കര, ചേർത്തല, അമ്പലപ്പുഴ എന്നീ കോടതി സമുച്ചയങ്ങളിൽ പ്രത്യേകിച്ച് അസൗകര്യങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹരിപ്പാട് കോടതി സമുച്ചയത്തിന്റെ ഒന്നാംഘട്ടം നിർമ്മാണം പൂർത്തിയായി. കോടതി പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. ചെങ്ങന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് രാമങ്കരിയിൽ പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കായംകുളത്ത് പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായുള്ള പുതുക്കിയ പ്ലാൻ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly